കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

നമ്പർ:CEI/6890/2023-B2 തീയതി: 22-01-2025

## സർക്കുലർ

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ലിഫ്റ്റ് /എക്സലെറ്റർസ് പ്രതിഷ്ഠാപനങ്ങളുടെ പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 12.11.2024 ലെ ഊർജ്ജ വകുപ്പിൽ നിന്നും ലഭിച്ച B3/44/2024/PD നമ്പർ കത്ത്.
2. 12.12.2024 ലെ EoDB- SBRAP plus & RCB plus - നോഡൽ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ് മിനിറ്റ്സ്.

ഈസ് ഓഫ് ഡൂയിങ് ബിസിനസ് (സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ പ്ലസ് 2024) -ൻറെ ഭാഗമായി 12.12.2024ന് കൂടിയ യോഗത്തിൽ, വകുപ്പിൽ നിന്നും കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട് , 2013 -ലെ , സെക്ഷൻ (3 ) (4 ) & (6 ) പ്രകാരം നൽകുന്ന അനുമതികൾ **ഇ-സേവനം** മുഖേന നൽകാനും , **സേവനാവകാശ നിയമത്തിന്റെ** പരിധിയിൽ കൊണ്ടുവരാനും തീരുമാനിച്ചിട്ടുണ്ട് . ഇതിനുപുറമെ ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയും, പ്രവർത്തനാനുമതി പുതുക്കുന്നതിനുള്ള അനുമതിയും (ഫോം എഫ് - ലിഫ്റ്റ് റൂൾ 2013 പ്രകാരം ) , നൽകുന്നതിൻ മേലുള്ള നടപടികളിൽ , ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പരിശോധനാറിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി 48 മണിക്കൂറിനകം (രണ്ട് ദിവസം) അതാത് കാര്യാലയങ്ങളിലെ ചുമതലപ്പെട്ട മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ് .

Signed by
Vinod G **ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**
Date: 22-01-2025 17:33:55